ഭരണ നവീകരണ പരിപാടികൾ

11 (755) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി വിദ്യാഭ്യാസം, ആരോഗ്യം, പൊതുവിതരണം, കുടിവെള്ളം തുടങ്ങിയ സേവന മേഖലകളിൽ നിന്നും സർക്കാർ പിന്മാറാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

ഉദ്ദേശിക്കുന്നില്ല.

സർവ്വീസ് കേസുകൾ നടത്തുന്നത് സംബന്ധിച്ച് നടപടി

12 (756) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈക്കോടതിയിൽ സർക്കാർ പ്രതിയായുള്ള കേസുകളിൽ എത്ര ശതമാനം കേസുകൾ സർവ്വീസ് കേസുകൾ ആണെന്ന് വെളിപ്പെടുത്തുമോ ;

(ബി) സർവ്വീസ് സംബന്ധമായ വിഷയങ്ങളിൽ വകുപ്പു തലവൻമാർക്കും സർക്കാരിനും നൽകുന്ന പരാതികൾ, തർക്കങ്ങൾ, അപ്പീലുകൾ എന്നിവയിൽ തീരുമാനം എടുക്കുന്നതിൽ ഉള്ള കാലതാമസം കാരണം ഉണ്ടാകുന്ന കേസുകൾ ഒഴിവാക്കുന്നതിനായി അത്തരം വിഷയങ്ങളിൽ തീരുമാനമെടുക്കുന്നതിനും ഉത്തരവുകൾ നൽകുന്നതിനും സമയപരിധി നിശ്ചയിക്കാൻ എന്തു നടപടി സ്വീകരിക്കും എന്നു വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിലേതായി എത്ര സർവ്വീസ് കേസുകൾ നിലവിലുണ്ട് എന്നു തരംതിരിച്ച് വെളിപ്പെടുത്തുമോ;

(ഡി) സർവ്വീസ് കേസുകൾ തീർപ്പാക്കുന്നതിലേക്കായി അദാലത്തുകൾ സംഘടിപ്പിക്കാൻ എന്തു നടപടി സ്വീകരിക്കും എന്നു വിശദമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) പരിശോധിച്ചു നടപടി സ്വീകരിക്കുന്നതാണ്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) പരിശോധിച്ചു നടപടി സ്വീകരിക്കുന്നതാണ്.

കാഷ്വൽ സ്വീപ്പർമാരെ പിരിച്ചുവിടുന്ന നടപടി

13 (757) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ നിന്നും കാഷ്വൽ സ്വീപ്പർമാരെ പിരിച്ചുവിടുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly